തെങ്ങ് കൃഷി

618. [838] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് വ്യാപകമായി തെങ്ങുരോഗം ഉണ്ടായിട്ടുണ്ടെന്നേ വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗം കാരണം ഓരോ വർഷവും നഷ്ടപ്പെടുന്ന തെങ്ങുകളുടെ എത്രയാണ് ;

(ഡി) തെങ്ങുരോഗം തടയാൻ ഇതുവരെ എന്തു പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) രോഗം ബാധിച്ച തെങ്ങുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(എഫ്) ഏങ്കിൽ എത്ര വീതം ?

ഉത്തരം

(എ) 17.03 ലക്ഷം ഏക്കർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) രോഗം മൂലം ഓരോ വർഷവും നഷ്ടപ്പെടുന്ന തെങ്ങുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ഡി) അതികഠിനമായി രോഗം ബാധിച്ച തെങ്ങുകളെ മുറിച്ചുമാറ്റുക, അധികോൽപ്പാദനശേഷി ഉള്ളവയും രോഗം ബാധിച്ചിട്ടില്ലാത്തതുമായ തെങ്ങിൻതൈകൾ അടിത്തൈകളായി വയ്ക്കുക, ശാസ്ത്രീയമായ പരിചരണ മുറകൾ നൽകി രോഗ പ്രതിരോധ ശക്തി വർദ്ധിപ്പിച്ച് ഉൽപ്പാദനക്ഷമത ഉയർത്തുക, തെങ്ങിന് മരുന്ന് തളിക്കുക മുതലായവയാണ് തെങ്ങ് രോഗം തടയാൻ സ്വീകരിച്ചുവരുന്ന പ്രതിരോധ നടപടികൾ.

(ഇ & എഫ്) കാറ്റു വീഴ്ച രോഗം മൂലം മുറിച്ചുമാറിയ തെങ്ങുകൾക്ക് നഷ്ട പരിഹാരമായി 75 രൂപ വീതം നൽകുന്നുണ്ട്.

അഖിലേന്ത്യാ തലത്തിൽ നാളികേര ഉൽപ്പാദനം

619 [839] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നാളികേര ഉൽപ്പാദനം അഖിലേന്ത്യാ തലത്തിൽ എത്രയാണ് എന്നറിയുമോ ;

(ബി) സംസ്ഥാനത്ത് എത്രയാണ് ;

(സി) ഇൻഡ്യയിൽ ആകെ എത്ര ഹെക്ടറിൽ നാളികേര കൃഷിയുണ്ടെന്നേ പറയാമോ ;

(ഡി) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നാളികേര കൃഷിയുണ്ട് ;

(ഇ) സംസ്ഥാന ഗവൺമെൻറ് നാളികേര കൃഷിക്കാരെ സംരക്ഷിക്കാൻ കേന്ദ്രത്തിൽ സമർപ്പിച്ച പദ്ധതികളുടെ വിവരങ്ങൾ പറയാമോ ;

(എഫ്) ഈ പദ്ധതികൾക്ക് കേന്ദ്രാനുവാദം കിട്ടിയോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1984-85-ലെ കണക്കനുസരിച്ച് 49.2 ശതമാനം

(ബി) 3395 ദശലക്ഷം

(സി) 1984-85-ലെ കണക്കുപ്രകാരം 12 ലക്ഷത്തോളം

(ഡി) 6.893 ലക്ഷം ഹെക്ടറിൽ

(ഇ) താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്

1. സമഗ്ര കേരവികസന പദ്ധതി
2. സംയോജിത നാളികേര വിപണന സംസ്കരണ പദ്ധതി
3. താങ്ങുവിലയുടെ അടിസ്ഥാനത്തിൽ കൊപ്രാസംഭരണ പദ്ധതി.

(എഫ്) ഇതിൽ കൊപ്രാസംഭരണ പദ്ധതിക്ക് അനുവാദം കിട്ടുകയും നടപ്പിലാക്കുകയും ചെയ്തു.

നാളികേര വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച വെളിച്ചെണ്ണ

620 [840] ശ്രീമതി റെയിച്ചൽ സണ്ണി പനവേലി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
,, എ. സി. ഷൺമുഖദാസ് :
,, ആർ. എസ്. ഉണ്ണി :
,, എ. വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര വികസന കോർപ്പറേഷൻ ആരംഭിച്ചതിനുശേഷം ആറന്മുളയിലും കോഴിക്കോട് തിരുവണ്ടൂരിലുമുള്ള ഫാക്ടറികളിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര ടൺവീതം വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) 1985-86, 1986-87 സാമ്പത്തിക വർഷങ്ങളിൽ തിരുവണ്ടൂരിലെ ഫാക്ടറിക്കുവേണ്ടി എത്ര ടൺ കൊപ്ര സംഭരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) കൊപ്ര ആട്ടുന്നതിന് സഹകാര്യ വ്യക്തികളുടെ മില്ലുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര മില്ലുകളാണെന്നും ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഓരോ മില്ലിനും നിശ്ചയിച്ച വാടക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നാളികേര വികസന കോർപ്പറേഷന്റെ 1985-86 വർഷത്തെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോ ; ലാഭമോ നഷ്ടമോ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly